**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3428 — 14.03.2017-ൽ മറുപടിയ്ക്ക്

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ; | (എ) | മോട്ടോർ വാഹന വകുപ്പിൽ നിന്നും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ 7 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കാറ്റഗറി നമ്പർ 551/2014 പ്രകാരം അപേക്ഷ ക്ഷണിച്ച ഈ തസ്തികയുടെ ഷോർട്ട് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് ; അന്തിമ ലിസ്റ്റ് വൈകുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ; | (ബി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ (കാറ്റഗറി നമ്പർ 551/2014) ചുരുക്കപ്പട്ടിക 29.07.2015-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്<br>ടി തസ്തികയുടെ ചുരുക്കപ്പട്ടിക സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതികൾ, കോടതി ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടികയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. കൂടാതെ ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ പരിചയ സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടി വന്നതിൽ അനുഭവപ്പെട്ട ബുദ്ധിമുട്ട്, ചില ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ പരിചയ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ആയവ വീണ്ടും പരിശോധിക്കേണ്ടി വന്നത് തുടങ്ങിയ കാരണങ്ങളാലാണ് തുടർ നടപടികൾ വൈകിയത്. |
| (സി) | അടിയന്തിരമായി പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന നടപടി ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയവരിൽ നിന്നും യോഗ്യരായവരെ ഉൾപ്പെടുത്തി 2017 ഏപ്രിൽ മാസത്തോടു കൂടി അഭിമുഖ പരീക്ഷ പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ പി.എസ്.സി തുടർ പ്രവർത്തനങ്ങൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ